## വളക്കാട് വാർഡ് - 7

ആകെ വീടുകൾ - 32

അയൽക്കൂട്ടം - 1

**മണ്ണ്-ജല സംരക്ഷണം**

ചരിവ് പ്രദേശമാണ്. ബണ്ടുകൾ സ്ഥാപിച്ച് പുരയിടങ്ങൾ തട്ടുകളാക്കി വാഴകൃഷി, മഴക്കുഴി എന്നിവയെടുത്ത് ജലസംരക്ഷണം നടത്താം. ജൈവവേലി, പാഴ് വൃക്ഷങ്ങളിൽ കുരുമുളക് കൃഷി നടത്താം.

**കാർഷിക സംരക്ഷണം**

1. തേനീച്ച വളർത്തൽ
2. പശു വളർത്തൽ
3. മുയൽ വളർത്തൽ
4. കൂൺ കൃഷി

## പാറയടി വാർഡ് - 9

1. കോട്ടയത്തു കോണം - യദുക്കര തോട് സംരക്ഷണം
2. കുടിവെള്ളക്ഷാമം രൂക്ഷമായ മുട്ടോട്ടുകോണം കോളനി പ്രദേശത്തെ പൊതുകിണർ ആഴംകൂട്ടി, ജലസംഭരണി കൂടി സ്ഥാപിക്കുകയും അതോടൊപ്പം ആ പ്രദേശത്ത് പൊതു ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക.
3. വാർഡിന്റെ എല്ലാ പ്രദേശങ്ങളിലും രൂക്ഷമായ മണ്ണൊലിപ്പു ആയതിനാൽ പദ്ധതി പ്രദേശത്തെ കമാനം മഴവെള്ളത്തിന്റെ ഒഴുക്ക് തടഞ്ഞ് നിർത്തി മണ്ണൊലിപ്പ് തടയുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
4. മുട്ടോട്ടുകോണം കോളനി, ആയുർവേദ ആശുപത്രി എന്നിവിടങ്ങളിൽ സോളാർ വിളകൾ സ്ഥാപിക്കുക.
5. മുട്ടോട്ടുകോണം, വലിയവിളമുക്ക്, ലക്ഷ്മിവിള എന്നീ സ്ഥലങ്ങളിലെ പൊതു കിണറുകൾ ആഴംകൂട്ടി മെയിന്റനൻസുപണികൾ പൂർത്തിയാക്കുക, പൊതുടാപ്പുകൾ സ്ഥാപിക്കുക.
6. ആവശ്യമുള്ള അയൽക്കൂട്ട അംഗങ്ങളുടെ വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കണം. ആയുർവേദ ആശുപത്രി വേസ്റ്റുകൾ ഉപയുക്തമാക്കുന്നതിനുവേണ്ടി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കണം.

7. പദ്ധതി പ്രദേശത്ത് വരുന്ന പാഴ് വൃക്ഷങ്ങളിൽ കുരുമുളക് പടർത്തി വളർത്തണം.
8. വരുമാനാദായക പ്രവർത്തനം
    1. ആഭരണ നിർമ്മാണ പരിശീലനം
    2. കുടനിർമ്മാണം, ബേഗ് നിർമ്മാണ പരിശീലനം
    3. ചക്കയിലെ വിഭവങ്ങൾ ഉണ്ടാക്കാനുള്ള പരിശീലനം നൽകുക.
    4. ബേക്കറി സാധനങ്ങളുടെ ഉൽപ്പാദനം, വിപണന സൗകര്യം.
    5. തരിശുപ്രദേശങ്ങൾ മുഴുവൻ കൃഷിക്ക് ഉപയോഗമാക്കണം.

## പൊയ്കമുക്ക് വാർഡ് – 10

1. കാവുവിള തടം മണ്ണൊലിപ്പ് മൂലം നശിച്ചു. ഇരുവശങ്ങളിലും ഓടവെട്ടിതടം സംരക്ഷിക്കണം.
2. പരമേശ്വരം, ഊരുട്ടുമണ്ഡപം എന്നീ റോഡുകളിലും മണ്ണൊലിപ്പ് ഉണ്ട്. ഇരുവശങ്ങളിലും ഓട വെട്ടി സംരക്ഷിക്കണം.
3. പിൻതലമാടൻ നട റോഡ് ഓടവെട്ടി സംരക്ഷിക്കണം.
4. ഓഴോട്ട് മാടൻനട മുതൽ കടുക്കറ ഭാഗംവരെയുള്ള തരിശുഭൂമികൾ അയൽക്കൂട്ടംവഴി കൃഷി ചെയ്യുവാൻ താൽപര്യം ഉണ്ട്.
5. ഊരുട്ടുമണ്ഡപ പ്രദേശത്തെ വയലുകൾ തരിശായി കിടക്കുന്നു. അയൽക്കൂട്ടം വഴികൃഷി ചെയ്യുവാൻ താൽപര്യം ഉണ്ട്.
6. പഞ്ചിയമ്മ മാടൻനട റോഡിന്റെ കിഴക്കുവശത്തെ തിരിശുഭൂമി കൃഷി ചെയ്യുവാൻ താൽപര്യം ഉണ്ട്.
7. ചാമവിള വഴി – വാഴോട്ട് മാടൻ നടയിൽ നിന്നു തുടങ്ങുന്ന തോട്ടിൽ കുറച്ചുഭാഗം സ്ലാവ് വാർത്തുകാരണം വെള്ളം പോകാൻ തടസ്സം നേരിടുന്നു. തോട്ടിൽ കൂടി ഒഴുകേണ്ടവെള്ളം വസ്തുവിൽ കൂടിയാണ് ഒഴുകുന്നത്. ആ വെള്ളത്തെ സംരക്ഷിച്ചു നിർത്താനുള്ള നടപടി ചെയ്യണം. (തിപ്പട്ടി തോടിൽ കൊഞ്ചിക്കാം)
8. നിലവിൽ 4 കുളം (മീൻകുളം)

    വാഴോട്ടുകോണം

    ഉടമസ്ഥർ – പുഷ്പരാജൻ, ഗോപാലകൃഷ്ണൻ, കുഞ്ഞുശങ്കരൻ, ഷൺമുഖൻ – മത്സ്യകൃഷി ചെയ്യുന്നു.

**മത്സ്യകൃഷി ചെയ്യാനുള്ളത് - 5**

ഉടമസ്ഥർ - രവി, ഗോപാലകൃഷ്ണൻ, വിജയൻ, രാജൻ (പറങ്കിമാഠവിള കാവിന്റെ താഴെ), ഉണ്ണി (തിപ്പട്ടി)

**വരൾച്ച**

പൊയ്കമുക്ക് തിപ്പട്ടിയിൽ നിന്നും വലിയവിളമുക്ക്, പറങ്കിമാഠവിള, പരമേശ്വരം, വാഴോട്ട് കാവുവിള എന്നീ പ്രദേശങ്ങളിൽ വരൾച്ച സമയങ്ങളിൽ വെള്ളത്തിന് ബുദ്ധിമുട്ടാണ്.

**<u>മുദാക്കൽ വാർഡ് - 11</u>**

1. കുളങ്ങൾ - പുളിക്കൽ ആമ്പൽക്കുളം വൃത്തിയാക്കി മത്സ്യകൃഷിക്ക് അനുയോജ്യമാക്കേണ്ടതാണ്.
2. തോട് -
   1) പുരൂർകോണം അമ്പനാട് തോട് കല്ല്കെട്ടി, നീരൊഴുക്ക് സുഗമമാക്കുക.
   2) കുളക്കോട്ട് തോട് കല്ല്കെട്ടി സംരക്ഷിക്കണം.
3. പേരൂർകോണം ലക്ഷംവീട് കോളനിയിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമാണ് ആയതിനാൽ പൊതുകിണർ സംരക്ഷിക്കണം.

1) സൊസൈറ്റിക്ക് സമീപം കുളത്തുകര റോഡിൽ നിന്നും സൊസൈറ്റി റോഡിൽ നിന്നും വാളക്കാട് തേരി മുക്കിൽ നിന്നും ഇളമ്പത്തടത്തിൽ നിന്നും ഒഴുകി എത്തുന്ന വെള്ളവും മണ്ണും തടഞ്ഞു നിർത്തുന്നതിന് മഴക്കുഴി നിർമ്മിക്കണം.
2) പരമേശ്വരം റോഡിലെ ഓടകൾ വൃത്തിയാക്കി സുഗമമായ ജല ഒഴുക്ക് ഉണ്ടാക്കുക.
3) പരമേശ്വരം അലയിൽ മുക്കിൽ മഴക്കുഴി നിർമ്മിക്കണം.
4) അമുന്തിരത്ത് - കേട്ടക്കുഴി ഇടച്ചാൽ, മഴക്കുഴി നിർമ്മിക്കണം.
5) വെറ്റില കൃഷി ഉൾപ്പെടെ മറ്റുകൃഷികൾ പ്രോത്സാഹിപ്പിക്കണം.

## <u>ചെമ്പൂർ വാർഡ് – 12</u>

**കുളങ്ങൾ**

1. ചിറക്കോണത്ത് കുളം

    പുനരുദ്ധാരണം, കാടുവെട്ടിമാറ്റൽ – ചെളികോരിമാറ്റൽ

    കാർഷിക ആവശ്യത്തിന് – ഏകദേശം 2 ലക്ഷം

2. കുളത്തിൻകര കുളം

    എല്ലാവശവും കല്ല് കെട്ടൽ

    കുടിവെള്ളത്തിന്റെ ആവശ്യത്തിന് – ഏകദേശം ലക്ഷം

3. സ്വകാര്യ വ്യക്തികളുടെ കുളം

    1. ആറാട്ടുകുളം – കാർഷിക ആവശ്യത്തിന് ഉപയോഗിക്കാവുന്നതാണ് – ഏകദേശം 50,000
    2. കാലാവീട് കുളം – കുടിവെള്ള ആവശ്യത്തിന് – ഏകദേശം 50,000
    3. പനമൂട് – കാർഷിക ആവശ്യത്തിന് – ഏകദേശം 50,000

**തോടുകൾ**

1. കുളത്തിൻകര – 200 മി

    ചിറക്കോണം – താഴയ്ക്കാട് കാർഷിക ആവശ്യത്തിന് ഏകദേശം 2 ലക്ഷം

2. മുദാക്കൽ തോട് – 600 മി

    മുദാക്കൽ പാലം – ചന്നൂർ കാർഷിക ആവശ്യത്തിന്

3. ആറ്റിക്കോട് തോട് – 100 മി

    കാർഷിക ആവശ്യത്തിന് ഏകദേശം – 50,000

കുടിവെള്ള പ്രശ്നം രൂക്ഷം

കുന്നത്താംകോണം പാലവിള – പ്ലാവിള

മണ്ണൊലിപ്പ് ഏറ്റവും രൂക്ഷം – കല്ലുവിള

കുന്നത്താംകോണം – പാലവിള

കുറുമാംകോട് – കൈപ്പള്ളി

പ്ലാവിള

പരുത്തൂര്

സൊസൈറ്റി

ആദ്യം മണ്ണ് സംരക്ഷണ പ്രവർത്തനം ചെയ്യേണ്ടത്

സൊസൈറ്റി – ഇളമ്പതടം

പടിപ്പുര തടം – ഓടിവെട്ടി

## കട്ടിയാട് വാർഡ് – 13

1. കുമാൻകോട് പ്രദേശത്ത് ജമീലാബീവിയുടെ ഉടമസ്ഥതയിൽ ഒരു കുളമുണ്ട്. അത് നവീകരണം.
2. കട്ടിയാട് പ്രദേശത്ത് രൂക്ഷമായ കുടിവള്ളപ്രശ്നം നേരിടുന്നതിനാൽ വെള്ളമില്ലാത്ത കിണറുകളെ റീച്ചാർജ്ജ് ചെയ്ത് ഉപയോഗ പ്രദമാക്കി മാറ്റണം.
3. ഒരവിള തടവും കട്ടിയാട് തടവും മണ്ണൊലിപ്പ് നിർമ്മാർജ്ജന പദ്ധതിയിൽ ഉൾപ്പെടുത്തണം.
4. പരുത്തുര് രൂക്ഷമായ കുടിവെള്ള പ്രശ്നവും മണ്ണൊലിപ്പും നേരിടുന്നതിനാൽ അത് പരിഹരിക്കണം.
5. കുറുമാൻകോട് പണയിൽ തടം മണ്ണൊലിപ്പ് നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിക്കണം.
6. പരുത്തൂർ അംഗൻവാടിയ്ക്ക് സമീപത്തായിട്ട് ഒരു പൊതുകിണർ ഉണ്ട്. അത് ഉപയോഗ പ്രദമാക്കി ആഴംകുട്ടി ഉപയോഗ്യമാക്കി മാറ്റണം.

## കുരിക്കകം വാർഡ് – 14

1. രൂക്ഷമായ പ്രശ്നം കുടിവെള്ളത്തിന്റെ ലഭ്യതകുറവാണ്. പറണ്ടമല കോളനിയിൽ ഒരു പഞ്ചായത്ത് കിണറുണ്ട്. ആ കിണർ അവിടെയുള്ളവർക്കെല്ലാം ജല ലഭ്യതയ്ക്ക് വേണ്ടി ഉപയോഗ യോഗ്യമാക്കണം.
2. പടിഞ്ഞറേ കോൺ പരിസരത്തും കുടിവെള്ളക്ഷാമം രൂക്ഷമാണ്. അവിടെ മുമ്പ് റോഡിൽ ഒരു പൈപ്പ് ലൈൻ ഉണ്ടായിരുന്നു. അത് ഇപ്പോൾ ഉപയോഗയോഗ്യമല്ല. അത് ഉടൻ തന്നെ ശരിയാക്കി നടപടി സ്വീകരിക്കണം.
3. പടിഞ്ഞാറേ കോൺ പറണ്ടമലറോഡ് പകുതി ഭാഗം മാത്രമേ ടാർ ഉള്ളൂ. ബാക്കി ഭാഗം കൂടി ടാർ ചെയ്ത് സ്റ്റേഡിയം റോഡുമായി ബന്ധപ്പെടുത്തണം.
4. വാളക്കാട് പറണ്ടമല റോഡ് മണ്ണൊലിപ്പ് തടയണം.
5. കുരിയ്ക്കകത്ത് പടിഞ്ഞാറേകോൺ പ്രദേശത്ത് ശ്രീ മനോഹരൻ അവർകളുടെ പുരയിടത്തിൽ ഒരു കുളം ഉപയോഗശൂന്യമായി കിടപ്പുണ്ട്. അത് നവീകരിക്കണം.
6. കുരിയ്ക്കകത്ത് ഒരു അംഗൻവാടി നിർമ്മിക്കണം.